## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1798** **12.06.2019 ൽ മറുപടിയ്ക്ക്**

### സമാന്തര ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ക്ക് സമാന്തരമായി ബസ് സർവ്വീസ് നടത്തി വരുന്ന ഹയർ സെക്കന്ററി വിഭാഗത്തിലെ ഉദ്യോഗ സ്ഥനെക്കുറിച്ച് വിവരം ലഭിച്ചിരുന്നോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ; | (എ) | അനധികൃത സമാന്തര സർവ്വീസ് സംബന്ധിച്ച വിവരം കെ എസ് ആർ ടി സി യുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ വിവിധ റൂട്ടുകളിൽ പ്രസ്തുത വ്യക്തി ഇത്തരം പാരലൽ സർവ്വീസുകൾ നടത്തുന്നുണ്ടെന്ന റിപ്പോർട്ടു കൾ പരിശോധനയ്ക്ക് വിധേയമാക്കി യിരുന്നോ; | (ബി) | ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സമാന്തര സർവ്വീസ് പിടികൂടിയ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനെ സമാന്തര സർവ്വീസ് നടത്തി വന്നയാൾ ഭീഷണിപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതി ന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാ ക്കാമോ; | (സി) | കെ എസ് ആർ ടി സി ഉദ്യോഗസ്ഥനെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയിരുന്നു. ഇതിനെ തുടർന്ന് ഇത് സംബന്ധിച്ച പരാതി കെ എസ് ആർ ടി സി വിദ്യാഭ്യാസ വകുപ്പിനും, പോലീസിനും രേഖാമൂലം നൽകിയിട്ടുണ്ട്. |
| (ഡി) | സമാന്തര സർവ്വീസ് പിടികൂടാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ അധികാരം നൽകിയിട്ടുണ്ടോ; | (ഡി) | കെ എസ് ആർ ടി സി യുടെ വരുമാന നഷ്ടം തടയുന്നതിനും സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമ മാക്കുന്നതിനും സമാന്തര സർവ്വീസുകളെ തടയുന്ന തിനുമായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരേയും, പോലീസ് ഉദ്യോഗസ്ഥരേയും, കെ എസ് ആർ ടി സി ഉദ്യോഗസ്ഥരേയും ചേർത്ത് ഒരു സംയുക്ത സ്ക്വാഡ് രൂപീകരിക്കുകയും വിവിധ മേഖലകളിൽ നിന്നുള്ള പരാതികൾ ഈ സ്ക്വാഡിന്റെ ഭാഗമായി പരിശോധി ക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള 2 സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. കെ എസ് ആർ ടി സി നേരിട്ട് അനധികൃത സമാന്തര വാഹനങ്ങളെ പിടിക്കുകയോ, ഇത്തരം സർവ്വീസുകളെ തടയുകയോ ചെയ്യുന്നില്ല. സർക്കാർ കെ എസ് ആർ ടി സി യ്ക്ക് അത്തരത്തിലുള്ള അധികാരം നൽകിയിട്ടുമില്ല. |
| (ഇ) | സമാന്തര സർവ്വീസ് നടത്തി വന്നയാൾ ക്കെതിരെ നടപടിയ്ക്കായി കെ.എസ്.ആർ. ടി.സി. സർക്കാരിനെ സമീപിച്ചിരുന്നോ; എങ്കിൽ ഇതിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഇ) | കെ എസ് ആർ ടി സി പ്രസ്തുത സംഭവത്തെ സംബന്ധിച്ച് ഹയർ സെക്കന്ററി ഡയറക്ടർക്കും, പോലീസിനും പരാതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ആഭ്യന്തര വകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നേരിട്ടോ ബിനാമിയായോ ഇത്തരം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നില്ലെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടി ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സത്വരനടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എഫ്) | ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച് ഈ വകുപ്പിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**